എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ : കെ.മുഹമ്മദ് വൈ സഫിരുള്ള, ഐ.എ.എസ്)

**സി4-2414/2017** **തീയതി:20/03/2018**

വിഷയം : മൂലമ്പിള്ളി -പിഴല അനുബന്ധ റോഡ് നിർമ്മാണം-സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട്- സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നത്-സംബന്ധിച്ച്.

സൂചന :
1. 09.07.2017-ാം തീയതി അംഗീകരിച്ച ഫോം4. നോട്ടിഫിക്കേഷൻ.
2. എസ്.ഐ.എ. യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് 20.12.2017 ൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട്.
3. വിദഗ്ധ സമിതി ചെയർമാൻ & ഡെപ്യൂട്ടി കളക്ടർ (എൽ.എ)യുടെ 28.03.2017 ലെ വിദഗ്ധ സമിതി റിപ്പോർട്ട്.
4. G.P(P)No.376/16/RD തീയതി 29.06.2016.

..................................

മൂലമ്പിള്ളി പിഴലപാലം അനുബന്ധ റോഡ് നിർമ്മാണത്തിനായി, കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലായി 60.87 ആർസ് സ്ഥലം RFCTLARR ACT 2013 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 17.01.2017 ൽ റിക്വിസിഷനും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ടി പൊന്നുംവില നടപടിയുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനത്തിനായുള്ള സൂചന (1) പ്രകാരം നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് SIA പഠനം നടത്തി സൂചന(2) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ മേൽ പരിശോധന നടത്തിയിട്ടുള്ളതും സൂചന (3) പ്രകാരം റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. . പ്രസ്തുത റിപ്പോർട്ട് 17.03.2018 തീയതി ജില്ലാ . കളക്ടർ അംഗീകരിച്ചിട്ടുള്ളതും ടി റിപ്പോർട്ടുകളുടെ പകർപ്പ് LARR ACT 2013 സെക്ഷൻ 2013 7(6) പ്രകാരം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിലും മറ്റ് സ്ഥലങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

LARR ACT 2013 സെക്ഷൻ 8(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സമുചിത ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. 200 ആർ വസ്തു വരെ ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവാദം നൽകിക്കൊണ്ട് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (2) (3) എന്നീ റിപ്പോർട്ടുകൾ പരിഗണിച്ചതിൽ ടി പദ്ധതി നിലവിൽ വരുന്നതുകൊണ്ട് ആരെയും പുനരധിവസിപ്പിക്കേണ്ടതില്ലാത്തതുകൊണ്ടും പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ ഏഴിക്കര, കടമക്കുടി പഞ്ചായത്തുകളിൽപ്പെട്ട ഒറ്റപ്പെട്ട് കിടക്കുന്ന മൂലമ്പിള്ളി, പിഴല, കടമക്കുടി ദ്വീപുകളെ തമ്മിൽ മറ്റു സ്ഥലങ്ങളുമായും ബന്ധപ്പെടുത്തുന്നതുകൊണ്ടും പൊതുജന താല്പര്യത്തെ മുൻനിർത്തി ഈ പദ്ധതി

ഒഴിവാക്കാനാകാത്ത ആവശ്യമായി നടപ്പിലാക്കേണ്ടതിനാൽ കണയന്നൂർ താലൂക്ക് കടമക്കുടി വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിലായി 60.87 ആർസ് സ്ഥലം പൊന്നുംവില നടപടികൾപ്രകാരം ഏറ്റെടുക്കുന്നതിന് LARR ACT 2013 സെക്ഷൻ 8(1) (2) എന്നിവ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിനൊടൊപ്പം തന്നെ ഈ ഉത്തരവിന്റെ പകർപ്പ് സെക്ഷൻ 8(3) പ്രകാരം ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ

പകർപ്പ്: 1. സ്പെഷ്യൽ തഹസിൽദാർ(എൽ.എ) ജി.സി.ഡി.എ, കടവന്ത്ര. } അറിവിലേക്കും, അനന്തര നടപടികൾക്കും.

2. സെക്രട്ടറി, ജിഡ
പച്ചാളം പി.ഒ.

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

T14

22/3/18 3.06